**മധുരമായ കുട്ടികളേ - ബാബ നിങ്ങളുടെ അതിഥിയായി മാറി വന്നിരിക്കുകയാണ് അതിനാൽ നിങ്ങൾ ആദരവ് നൽകണം, എങ്ങനെയാണോ പ്രേമത്തോടുകൂടി വിളി ച്ചത് അതുപോലെ ആദരവും കൊടുക്കണം,അനാദരവ് കാണിക്കരുത്.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഏതൊരു ലഹരിയാണ് സദാ വർദ്ധിപ്പിച്ചുകൊണ്ടിരിക്കേണ്ടത്? അഥവാ ലഹരി വർദ്ധിച്ചില്ലായെങ്കിൽ എന്ത് പറയും?
**ഉത്തരം:-** ഉയർന്നതിലും ഉയർന്ന ബാബ(വ്യക്തിത്വം) നമ്മുടെ അതിഥിയായി മാറി വന്നിരിക്കുകയാണ്, ഈ ലഹരി സദാ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. പക്ഷെ നമ്പർവൈസായാണ് ഈ ലഹരി വർദ്ധിക്കുന്നത്. പലരും ബാബയുടേതായി മാറിയിട്ടും സംശയബുദ്ധിയായി മാറി കൈ ഉപേക്ഷിച്ച് പോകുമ്പോൾ ഇവരുടെ ഭാഗ്യം അതാണ് എന്നും പറയാറുണ്ട്.

**ഓം ശാന്തി**. ഓം ശാന്തി, രണ്ട് തവണ പറയേണ്ടി വരുന്നു. ഇത് കുട്ടികൾക്കറിയാം ഒന്ന് ബാബയാണ്, രണ്ടാമത്തെത് ദാദയും. രണ്ടുപേരും ഒരുമിച്ചാണല്ലോ. ഭഗവാന്റെ മഹിമയും എത്ര ഉയർന്നതായാണ് ചെയ്യുന്നത് എന്നാൽ വാക്ക് വളരെ സിമ്പിളാണ് - ഗോഡ് ഫാദർ. കേവലം ഫാദർ എന്ന് മാത്രമല്ല പറയുക, ഗോഡ് ഫാദർ ഉയർന്നതിലും ഉയർന്നതാണ്. ബാബയുടെ മഹിമയും ഉയർന്നതാണ്. ബാബയെ വിളിക്കുന്നത് പതിത ലോകത്തിലേക്കാണ്. സ്വയം വന്ന് പറയുന്നു, എന്നെ പതിത ലോകത്തിലാണ് വിളിക്കുന്നത് എന്നാൽ പതിത പാവനൻ എങ്ങനെ, എപ്പോൾ വരുന്നു, എന്നത് ആർക്കും അറിയുകയില്ല. പകുതി കല്പം സത്യ - ത്രേതായുഗത്തിൽ ആരുടെ രാജ്യമായിരുന്നു, എങ്ങനെയായിരുന്നു, ആർക്കും ഇതറിയില്ല. പതിത പാവനനായ ബാബ തീർച്ചയായും വരുന്നു, ബാബയെ ചിലർ പതിത പാവനൻ എന്ന് പറയുന്നു, ചിലർ ലിബറേറ്റർ എന്നുപറയുന്നു. സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകൂ... എന്ന് പറഞ്ഞ് വിളിക്കുന്നു. ഏറ്റവും ഉയർന്നതിലും ഉയർന്നതല്ലേ. ബാബയെ പതിത ലോകത്തിൽ വിളിക്കുന്നു, വന്ന് ഞങ്ങൾ ഭാരതവാസികളെ ശ്രേഷ്ഠരാക്കി മാറ്റൂ... ബാബയുടെ സ്ഥാനം എത്ര വലുതാണ്. ഉയർന്ന അതോറിറ്റിയാണ്. രാവണ രാജ്യത്തിലാകുമ്പോൾ ബാബയെ വിളിക്കുന്നു, ഇല്ലായെങ്കിൽ ഈ രാവണ രാജ്യത്തു നിന്നും ആര് മോചിപ്പിക്കും? ഈ എല്ലാ കാര്യങ്ങളും നിങ്ങൾ കുട്ടികൾ കേൾക്കുമ്പോൾ ലഹരിയും വർദ്ധിച്ചുകൊണ്ടിരിക്കണം. എന്നാൽ ഇത്രയും ലഹരി വർദ്ധിക്കുന്നില്ല. മദ്യത്തിന്റെ ലഹരി എല്ലാവർക്കും വർദ്ധിക്കുന്നു, ഇത് വർദ്ധിക്കുന്നില്ല. ഇതിൽ ധാരണയുടെ കാര്യമാണുള്ളത്, ഭാഗ്യത്തിന്റെ കാര്യമാണ്. ബാബ വളരെ വലിയ വ്യക്തിത്വമാണ്. നിങ്ങളിലും ചിലർക്ക് പൂർണ്ണമായ ലഹരി ഉണ്ടായിരിക്കും. അഥവാ നിശ്ചയം എല്ലാവരിലും വരുകയാണെങ്കിൽ പിന്നെ സംശയത്തിൽ വന്ന് എന്തിനാണ് ഓടിപ്പോകുന്നത്? ബാബയെ മറക്കുന്നു. അച്ഛന്റേതായാൽ പിന്നെ അച്ഛനിൽ സംശയബുദ്ധിയാകില്ല. എന്നാൽ ഈ അച്ഛൻ അത്ഭുതമാണ്. പാട്ടുമുണ്ട്, ആശ്ചര്യത്തോടു കൂടി ബാബയെ അറിഞ്ഞു..., ബാബാ എന്ന് പറഞ്ഞ്, ജ്ഞാനം കേട്ട്, കേൾപ്പിച്ച്, മായ പിന്നീട് സംശയബുദ്ധിയാക്കി. ബാബ മനസ്സിലാക്കിത്തരികയാണ് ഈ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളിലൊന്നും ഒരു സാരവുമില്ല. ബാബ പറയുന്നു, എന്നെ ആരും അറിയുന്നില്ല. നിങ്ങൾ കുട്ടികളിലും വിരളം പേർക്കേ നിൽക്കാൻ സാധിക്കുന്നുള്ളൂ. ആ ഓർമ്മ സ്ഥായിയായി നിൽക്കുന്നില്ല എന്ന് നിങ്ങളും ഫീൽ ചെയ്യുന്നു ഞാൻ ആത്മ ബിന്ദുവാണ്, ബാബയും ബിന്ദുവാണ്, ബാബ നമ്മുടെ അച്ഛനാണ്, ബാബക്ക് തന്റേതായ ശരീരമില്ല.ബാബ പറയുന്നു, ഞാൻ ഈ ശരീരത്തെ ആധാരമായെടുക്കുന്നു. എന്റെ പേര് ശിവനെന്നാണ്. ആത്മാവായ എന്റെ പേര് ഒരിക്കലും മാറുന്നില്ല. നിങ്ങളുടെ ശരീരത്തിന്റെ പേര് മാറുന്നു. ശരീരത്തിന് തന്നെയാണ് പേരിടുന്നത്. വിവാഹം കഴിയുമ്പോൾ പേര് മാറുന്നു. പിന്നീട് ആ പേര് ഉറച്ചതാകുന്നു. അതിനാൽ ബാബ പറയുന്നു ഞാൻ ആത്മാവാണ് എന്നത് നിങ്ങൾ ഉറച്ചതാക്കൂ. ബാബ തന്നെയാണ് ഈ പരിചയം നൽകുന്നത് എപ്പോഴെല്ലാമാണോ അധർമ്മവും, ഗ്ലാനിയുമുണ്ടാകുന്നത് അപ്പോൾ ഞാൻ വരുന്നു. മറ്റൊരു വാക്കുകളെയും നോക്കേണ്ടതില്ല. ബാബ സ്വയം പറയുന്നു, എന്നെ കല്ലിലും, തൂണിലും പ്രതിഷ്ഠിച്ച് എത്ര ഗ്ലാനിയാണ് ചെയ്യുന്നത്, ഇതും പുതിയ കാര്യമല്ല. കൽപ കൽപം ഇതുപോലെ പതിതമായി മാറി എന്റെ ഗ്ലാനി ചെയ്യുന്നു, അപ്പോഴാണ് ഞാൻ വരുന്നത്. കൽപ കൽപം എന്റെ പാർട്ടാണ്. ഇതിൽ ഭേദഗതി വരുത്താൻ സാധിക്കില്ല. ഡ്രാമയിൽ അടങ്ങയിട്ടുണ്ടല്ലോ. നിങ്ങളോട് ചിലർ പറയുന്നു കേവലം ഭാരതത്തിൽ മാത്രമാണോ വരുന്നത്, എന്താ കേവലം ഭാരതം മാത്രമാണോ സ്വർഗ്ഗമാകുക. അതെ. ഇതാണെങ്കിൽ അനാദി അവിനാശി പാർട്ടാണല്ലോ. ബാബ എത്ര ഉയർന്നതിലും ഉയർന്നതാണ്. പതിതതരെ പാവനമാക്കി മാറ്റുന്ന ബാബ പറയുന്നു, എന്നെ വിളിക്കുന്നത് തന്നെ പതിതലോകത്തിലേക്കാണ്. ഞാനാണെങ്കിൽ സദാ പാവനമാണ്. എന്നെ പാവനലോകത്തിൽ വിളിക്കാനാണല്ലോ ആഗ്രഹിക്കുക! എന്നാൽ അല്ല, പാവനലോകത്തിൽ വിളി

ക്കേണ്ടതിന്റെ ആവശ്യമില്ല. പതിതലോകത്തിൽ തന്നെയാണ് വിളിക്കുന്നത് ,വന്ന് പാവനമാക്കി മാറ്റൂ.... ഞാൻ എത്ര വലിയ അതിഥിയാണ്. പകുതി കൽപമായി എന്നെ ഓർമ്മിച്ചു വരുകയാണ്. ഇവിടെ ഏതെങ്കിലും വലിയ മനുഷ്യനെ വിളിക്കും, ഒന്നോ – രണ്ടോ വർഷം വിളിക്കും. ഇന്നയാൾ ഒരു വർഷം വന്നില്ലെങ്കിൽ അടുത്ത വർഷം വരും. ബാബയെയാണെങ്കിൽ പകുതി കൽപമായി ഓർമ്മിച്ചു വരുന്നു. ബാബ വരുന്ന പാർട്ട് ഫിക്സ് ചെയ്യപ്പെട്ടതാണ്. ഇത് ആർക്കും അറിയുകയില്ല. ബാബ ഏറ്റവും ഉയർന്നതിലും ഉയർന്നതാണ്. ഒരു ഭാഗത്തുനിന്ന് മനുഷ്യർ പ്രേമത്തോടുകൂടി വിളിക്കുന്നു, മറുഭാഗത്ത് മഹിമയിൽ കളങ്കമേൽപ്പിക്കുന്നു. വാസ്തവത്തിൽ ബാബ വളരെ വലിയ മഹിമയുള്ള അതിഥിയാണ്, ആ മഹിമയിൽ കളങ്കം ചാർത്തുന്നു, കല്ലിലും തൂണിലും എല്ലാത്തിലും ഉണ്ടെന്ന് പറയുന്നു. എത്ര ഉയർന്ന അധികാരിയാണ്, പ്രേമത്തോടുകൂടി വിളിക്കുകയും ചെയ്യുന്നുണ്ട്, എന്നാൽ തികച്ചും ബുദ്ധുവാണ്. ഞാൻ തന്നെയാണ് വന്ന് എന്റെ പരിചയം നൽകുന്നത് ഞാൻ നിങ്ങളുടെ പിതാവാണ്. എന്നെ ഗോഡ്ഫാദറെന്ന് പറയുന്നു. എപ്പോഴാണോ എല്ലാവരും രാവണന്റെ തടവിൽ അകപ്പെടുന്നത് അപ്പോഴാണ് ബാബക്ക് വരേണ്ടി വരുന്നത് എന്തുകൊണ്ടെന്നാൽ എല്ലാവരും ഭക്തകളാണ് അഥവാ വധു – സീതമാരാണ്. ബാബയാണ് വരൻ – രാമൻ. ഒരു സീതയുടെ മാത്രം കാര്യമല്ല, എല്ലാ സീതമാരെയും രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. ഇത് പഴയ പതിത ലോകമാണ്. ഇത് പഴയതാവുന്നതും, പുതിയതാവുന്നതും കൃത്യമാണ്, ഈ ശരീരമാണെങ്കിൽ ചിലത് പെട്ടന്ന് പഴയതാവും, ചിലത് കൂടുതൽ സമയമിരിക്കുന്നു. ഡ്രാമയിലിത് കൃത്യമായി അടങ്ങിയിട്ടുണ്ട്. പൂർണ്ണമായും 5000 വർഷങ്ങൾക്കു ശേഷം എനിക്ക് വരേണ്ടി വരുന്നു. ഞാൻ തന്നെയാണ് വന്ന് എന്റെ പരിചയം നൽകുന്നത്, സൃഷ്ടി ചക്രത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തരുന്നത്. ആർക്കും എന്റെ പരിചയവുമില്ല, ബ്രഹ്മാവിന്റെയുമില്ല, വിഷ്ണു, ശങ്കരൻ, ലക്ഷ്മീ–നാരായണൻ, രാമൻ, സീത തുടങ്ങി ആരുടെയും പരിചയമില്ല. ഇവർ തന്നെയാണ് ഡ്രാമക്കകത്തെ ഉയർന്നതിലും ഉയർന്ന അഭിനേതാക്കൾ. അതാണെങ്കിൽ മനുഷ്യരുടെ കാര്യമാണ്. 8–10 കൈകളുള്ള മനുഷ്യരൊന്നുമില്ല. എന്തുകൊണ്ടാണ് വിഷ്ണുവിന് 4 കൈകൾ കാണിച്ചിരിക്കുന്നത്? രാവണന്റെ 10 തല എന്താണ്? ഇത് ആർക്കും തന്നെ അറിയില്ല. ബാബയാണ് വന്ന് ലോകത്തിന്റെ ആദി, മധ്യ, അന്ത്യത്തിന്റെ ജ്ഞാനം പറഞ്ഞുതരുന്നത്. പറയുന്നു ഞാനാണ് ഏറ്റവും വലുതിലും വലിയ അതിഥി, എന്നാൽ ഗുപ്തമാണ്. ഇതും കേവലം നിങ്ങൾ മാത്രമാണ് അറിയുന്നത്. എന്നാൽ അറിഞ്ഞിട്ടും പിന്നീട് മറന്നു പോകുന്നു. ബാബക്ക് എത്ര ആദരവ് നൽകണം, ബാബയെ ഓർമ്മിക്കണം. ആത്മാവും നിരാകാരനാണ്, പരമാത്മാവും നിരാകാരനാണ്, ഇതിൽ ചിത്രത്തിന്റെ കാര്യമില്ല. നിങ്ങൾ ആത്മാവാണെന്ന് നിശ്ചയം ചെയ്ത് ബാബയെ ഓർമ്മിക്കണം, ദേഹാഭിമാനം ഉപേക്ഷിക്കണം. നിങ്ങൾക്ക് സദാ അവിനാശി വസ്തുവിനെ നോക്കണം. നിങ്ങൾ വിനാശി ശരീരത്തെ എന്തിനാണ് നോക്കുന്നത്! ദേഹീ അഭിമാനിയാകൂ, ഇതിൽ തന്നെയാണ് പരിശ്രമം. എത്രത്തോളം ഓർമ്മയിലിരിക്കുന്നുവോ അത്രത്തോളം കർമ്മാതീതഅവസ്ഥ പ്രാപിച്ച് ഉയർന്ന പദവി നേടും. ബാബ വളരെ സഹജമായ യോഗം അഥവാ ഓർമ്മ പഠിപ്പിക്കുന്നു. യോഗം അനേക പ്രകാരത്തിലുണ്ട്. ഓർമ്മ എന്ന അക്ഷരമാണ് യഥാർത്ഥം. പരമാത്മാവായ ബാബയെ ഓർമ്മിക്കുന്നതിലാണ് പരിശ്രമം. വിരളമായി മാത്രം ചിലർ സത്യം പറയുന്നു ഞാൻ ഇത്ര സമയം ഓർമ്മയിലിരുന്നു. ഓർമ്മിക്കുന്നേയില്ലായെങ്കിൽ കേൾപ്പിക്കുന്നതിൽ ലജ്ജ വരുന്നു. മുഴുവൻ ദിവസത്തിലും ഒരു മണിക്കൂർ ഓർമ്മയിലിരുന്നുവെന്ന് എഴുതുകയാണെങ്കിൽ ലജ്ജ വരേണ്ടതാണല്ലോ. അങ്ങനെയുള്ള ബാബയെ നമ്മൾ രാവും, പകലും ഓർമ്മിക്കണം, നമ്മൾ കേവലം ഒരു മണിക്കൂർ ഓർമ്മിക്കുന്നു! ഇതിൽ വളരെ ഗുപ്തമായ പരിശ്രമമാണ്. ബാബയെ വിളിക്കുന്നുവെങ്കിൽ ദൂരെ നിന്നും വരുന്ന അതിഥിയാകുമല്ലോ. ബാബ പറയുന്നു, ഞാൻ പുതിയ ലോകത്തിലെ അതിഥിയായി മാറുന്നില്ല. വരുന്നത് തന്നെ പഴയ ലോകത്തിലേക്കാണ്, വന്ന് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. ഇത് പഴയ ലോകമാണ്, ഇതു പോലും ആരും യഥാർത്ഥരീതിയിൽ അറിയുന്നില്ല. പുതിയ ലോകത്തിന്റെ ആയുസ്സ് പോലും അറിയുന്നില്ല. ബാബ പറയുന്നു, ഈ ജ്ഞാനം ഞാൻ തന്നെയാണ് വന്ന് പറയുന്നത് പിന്നീട് ഡ്രാമയനുസരിച്ച് ഈ ജ്ഞാനം ഇല്ലാതാകുന്നു. പിന്നീട് കൽപത്തിന് ശേഷം ഈ പാർട്ട് ആവർത്തിക്കും. എന്നെ വിളിക്കുന്നു, എല്ലാ വർഷവും ശിവജയന്തി ആഘോഷിക്കുന്നു. ആരാണോ കടന്ന് പോകുന്നുത് വർഷാ–വർഷം അവരുടെ വാർഷികം ആഘോഷിക്കുന്നു. ശിവബാബയുടെയും 12 മാസങ്ങൾക്കു ശേഷം ജയന്തി ആഘോഷിക്കുന്നു. എന്നാൽ എപ്പോൾ മുതലാണ് ആഘോഷിച്ചു വരുന്നത് എന്ന് ആർക്കും തന്നെ അറിയില്ല. ലക്ഷക്കണക്കിന് വർഷമായെന്ന് വെറുതെ പറയുന്നു. കലിയുഗത്തിന്റെ ആയുസ്സ് തന്നെ ലക്ഷം വർഷമെന്ന് എഴുതിയിരിക്കുന്നു. ബാബ പറയുന്നു – ഇത് 5000 വർഷത്തിന്റെ കാര്യമാണ്. ഈ ഭാരതത്തിൽ ദേവതകളുടെ രാജ്യമായിരുന്നല്ലോ. അതിനാൽ ബാബ പറയുന്നു – ഞാൻ ഭാരതത്തിന്റെ വളരെ വലിയ അഥിതിയാണ്, എന്നെ പകുതി കൽപമായി ക്ഷണിക്കുകയാണ്. എപ്പോഴാണോ വളരെയധികം ദുഃഖം ഉണ്ടാകുന്നത്, അപ്പോൾ പറയുന്നു, പതിത പാവനാ വരൂ... ഞാൻ വരുന്നതും പതിത ലോകത്തിലാണ്. എനിക്ക് രഥം വേണമല്ലോ. ആത്മാവ് അകാല മൂർത്തിയാണ്,

ആത്മാവിന്റെ സിംഹാസനമാണിത്. ബാബയും അകാലമൂർത്തിയാണ്, ഈ സിംഹാസനത്തിൽ വന്ന് ആസനസ്ഥനായിരിക്കുന്നു. ഇത് വളരെ രമണീയമായ കാര്യമാണ്. ആരെങ്കിലും കേൾക്കുകയാണെങ്കിൽ അത്ഭുതപ്പെട്ടുപോകും. ഇപ്പോൾ ബാബ പറയുന്നു– കുട്ടികളേ, എന്റെ നിർദ്ദേശത്തിലൂടെ നടക്കൂ. ശിവബാബ നിർദ്ദേശം നൽകുന്നു, മുരളി കേൾപ്പിക്കുന്നുവെന്ന് മനസ്സിലാക്കൂ. ഇദ്ദേഹവും പറയുന്നു ഞാനും ബാബയുടെ മുരളി കേട്ട് ,കേൾപ്പിക്കും. കേൾപ്പിക്കുന്ന ആൾ ബാബയാണല്ലോ. ഇദ്ദേഹം നമ്പർവൺ പൂജ്യനിൽ നിന്ന് നമ്പർവൺ പൂജാരിയായി മാറി. ഇപ്പോൾ ഇദ്ദേഹം പുരുഷാർത്ഥിയാണ്. കുട്ടികൾക്ക് എപ്പോഴും ബുദ്ധിയിലുണ്ടായിരിക്കണം – നമുക്ക് ശിവബാബയുടെ ശ്രീമതം ലഭിച്ചിരിക്കുന്നു. അഥവാ ഏതെങ്കിലും തലതിരിഞ്ഞ കാര്യം ഉണ്ടാവുകയാണെങ്കിൽ അതിനെ ശരിയായ രീതിയിലാക്കണം. ഈ മുറിയാത്ത നിശ്ചയമുണ്ടെങ്കിൽ ഉത്തരവാദിത്വം ശിവബാബയുടേതാണ്. ഇത് ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. വിഘ്നങ്ങളെല്ലാം സംഭവിക്കുക തന്നെ ചെയ്യും, വളരെ കടുത്ത വിഘ്നങ്ങളെല്ലാം സംഭവിക്കുന്നു. തന്റെ കുട്ടികൾക്കും വിഘ്നം സംഭവിക്കുന്നു. അതിനാൽ സദാ ബുദ്ധിയിൽ വെക്കൂ, ശിവബാബ മനസ്സിലാക്കിത്തരികയാണ്, അപ്പോൾ ഓർമ്മയുണ്ടായിരിക്കും. ചില കുട്ടികൾ മനസ്സിലാക്കുന്നു, ഈ ബ്രഹ്മാബാബയാണ് നിർദ്ദേശം നൽകുന്നത്, എന്നാലല്ല. ശിവബാബക്ക് തന്നെയാണ് ഉത്തരവാദിത്വം. പക്ഷെ ദേഹാഭിമാനം കാരണം ഇടക്കിടക്ക് ഇദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ശിവബാബ എത്ര വലിയ അതിഥിയാണെങ്കിലും റെയിൽവേ മുതലായ സ്ഥാപനങ്ങൾക്ക് അറിയുകയില്ല, നിരാകാരനെ എങ്ങനെ അറിയാനാണ് അഥവാ തിരിച്ചറിയാനാണ്. ബാബക്കാണെങ്കിൽ രോഗമുണ്ടാവുക സാധ്യമല്ല. അതിനാൽ രോഗം മുതലായവയുടെ കാരണം ഇദ്ദേഹം പറഞ്ഞു തരുന്നു. ഇതിൽ ആരാണെന്ന് അവർക്കറിയില്ലല്ലോ? നിങ്ങൾ കുട്ടികളും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ബാബ എല്ലാ ആത്മാക്കളുടെയും പിതാവാണ് , ഈ പ്രജാപിതാവ് മനുഷ്യരുടെ പിതാവും. അതിനാൽ ഈ രണ്ടുപേരും എത്ര വലിയ അതിഥികളാണ്.

ബാബ പറയുന്നു, എന്തെല്ലാമാണോ സംഭവിച്ചത് അത് ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്, ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അകപ്പെടാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. മായയും വളരെ സൂത്രശാലിയാണ്. രാമന്റെയും, രാവണന്റെയും പാർട്ടാണ്. ഡ്രാമയിൽ രാവണൻ ചൈതന്യത്തിലാകുമ്പോൾ പറയുന്നു – ഞാനും ഡ്രാമയനുസരിച്ച് വന്നിരിക്കുകയാണ്. ഇത് ദുഃഖത്തിന്റെയും, സുഖത്തിന്റെയും കളിയാണ്. സുഖം പുതിയ ലോകത്തിലും, ദുഃഖം പഴയലോകത്തിലുമാണ്. പുതിയ ലോകത്തിൽ കുറച്ച് മനുഷ്യരും, പഴയ ലോകത്തിൽ വളരെ കൂടുതൽ മനുഷ്യരുമാണുള്ളത്. പതിതപാവനനായ ബാബയെത്തന്നെയാണ് വിളിക്കുന്നത് ,വന്ന് പാവനലോകമുണ്ടാക്കൂ... എന്തുകൊണ്ടെന്നാൽ പാവനലോകത്തിൽ വളരെ സുഖമായിരുന്നു അതുകൊണ്ട് തന്നെയാണ് കൽപ–കൽപം വിളിക്കുന്നത്. ബാബ എല്ലാവർക്കും സുഖം നൽകി തിരിച്ചുപോകുന്നു. ഇപ്പോൾ പാർട്ട് വീണ്ടും ആവർത്തിക്കുകയാണ്. ലോകം ഒരിക്കലും അവസാനിക്കുന്നില്ല. അവസാനിക്കുക സാധ്യമല്ല. സമുദ്രവും ലോകത്തിലാണല്ലോ. ഇത് തെർഡ് ഫ്ളോറാണല്ലോ. പറയാറുണ്ട് വെള്ളപ്പൊക്കം , എല്ലായിടത്തും വെള്ളമാകുന്നു. എന്നാൽപോലും ഭൂമിയാകുന്ന ഫ്ളോറുണ്ടല്ലോ. വെള്ളവുമുണ്ടല്ലോ. ഭൂമിയാകുന്ന ഫ്ളോർ ഒരിക്കലും നശിക്കുക സാധ്യമല്ല. ജലവും ഈ ഫ്ളോറിലാണ് ഉണ്ടാവുന്നത്. സെക്കന്റും ഫസ്റ്റ് ഫ്ളോറുമായ സൂക്ഷ്മവതനത്തിലും മൂലവതനത്തിലും ജലം ഉണ്ടാവുന്നില്ല. ഈ പരിധിയില്ലാത്ത സൃഷ്ടി മൂന്നാമത്തെ ഫ്ളോറാണ്, ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ ആർക്കും അറിയില്ല. ഇത് സന്തോഷത്തിന്റെ കാര്യമാണ് എല്ലാവർക്കും സന്തോഷത്തോടുകൂടി കേൾപ്പിക്കണം. ആരാണോ പൂർണ്ണമായി പാസ്സാവുന്നത് അവരുടെ തന്നെയാണ് അതീന്ദ്രിയസുഖത്തിന്റെ മഹിമ പാടുന്നത്. ആരാണോ രാത്രിയും, പകലും സേവനത്തിൽ മുഴുകിയിരിക്കുന്നത് ,സേവനം തന്നെ ചെയ്തുകൊണ്ടിരിക്കുന്നത് അവർക്ക് വളരെയധികം സന്തോഷം ഉണ്ടായിരിക്കും.മനുഷ്യർ രാത്രിയും ഉണർന്നിരിക്കുന്ന ചില ദിവസങ്ങളും വരാറുണ്ട്. എന്നാൽ ആത്മാവ് ക്ഷീണിക്കുമ്പോൾ ഉറങ്ങിപ്പോകുന്നു. ആത്മാവ് ഉറങ്ങുന്നതിലൂടെ ശരീരവും ഉറങ്ങിപ്പോകുന്നു. ആത്മാവും ഉറങ്ങരുത് ശരീരവും ഉറങ്ങരുത്. ക്ഷീണിക്കുന്നത് ആത്മാവാണ്. ഇന്ന് ഞാൻ ക്ഷീണിച്ചിരിക്കുകയാണ് – ആരാണ് ഇത് പറഞ്ഞത്? ആത്മാവ്. നിങ്ങൾ കുട്ടികൾ ആത്മാഭിമാനിയായി കഴിയണം, ഇതിൽത്തന്നെയാണ് പരിശ്രമമുള്ളത്. ബാബയെ ഓർമ്മിക്കുന്നില്ല, ദേഹീ അഭിമാനിയായി ഇരിക്കുന്നില്ല. എന്നാൽ ദേഹത്തിന്റെ സംബന്ധികളെയെല്ലാം ഓർമ്മ വരുന്നു. ബാബ പറയുന്നു, നിങ്ങൾ അശരീരിയായാണ് വന്നത് അശരീരിയായിത്തന്നെ പോകണം. ഈ ദേഹത്തിന്റെ സംബന്ധങ്ങളെയെല്ലാം മറക്കൂ. ഈ ശരീരത്തിൽ ഇരുന്നുകൊണ്ട് എന്നെ ഓർമ്മിക്കൂ അപ്പോൾ സതോപ്രധാനമായി മാറും. ബാബ എത്ര വലിയ അതോറിറ്റിയാണ്. കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ബാബ പറയുന്നു, ഞാൻ പാവങ്ങളുടെ നാഥനാണ്, എല്ലാവരും സാധാരണമാണ്. പതിത പാവനനായ ബാബ വന്നിട്ടുണ്ട്, ഇത് അറിഞ്ഞുകഴിഞ്ഞാൽ എത്ര തിരക്കുണ്ടാവുമെന്ന് പറയാവില്ല. വലിയ വലിയ ആളുകൾ വരുമ്പോൾ വലിയ തിരക്കുണ്ടായിരിക്കും. അതിനാൽ ഡ്രാമയിൽ ബാബയുടെ പാർട്ട് തന്നെ ഗുപ്തമായിരിക്കുന്നതാണ്. മുന്നോട്ട് പോകു

മ്പോൾ പതുക്കെപ്പതുക്കെ പ്രഭാവമുണ്ടാകും ഒപ്പം വിനാശവുമുണ്ടാകും.  എല്ലാവർക്കുമൊന്നും കണ്ടുമുട്ടാൻ സാധിക്കില്ല.  ഓർമ്മിക്കുന്നുണ്ടല്ലോ, അവർക്ക് ബാബയുടെ പരിചയം ലഭിക്കും.  ബാക്കിയുള്ളവർക്ക് എത്താൻ സാധിക്കില്ല. ഏതുപോലെയാണോ ബന്ധനത്തിലുള്ള കുട്ടികൾക്ക് കാണാൻ സാധിക്കാത്തത്, എത്ര വിഷമതകളാണ് സഹിക്കുന്നത്, വികാരങ്ങളെ ഉപേക്ഷിക്കാൻ സാധിക്കാത്തത്.  പറയുന്നുണ്ട് ,ലോകം  എങ്ങനെ മുന്നോട്ടുപോകും ?  സൃഷ്ടിയുടെ ഭാരം ബാബയിലാണോ  അതോ നിങ്ങളിലോ?  ബാബയെ അറിഞ്ഞുകഴിഞ്ഞാൽ പിന്നീട് ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കില്ല.  പറയൂ, ആദ്യം ബാബയെ അറിയൂ. പിന്നീട് നിങ്ങളെല്ലാം അറിയും.  മനസ്സിലാക്കിക്കൊടുക്കുന്നതിനും യുക്തി വേണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) സദാ തന്റെ ഉയർന്ന അധികാരിയായ ബാബയുടെ ഓർമ്മയിൽ കഴിയണം.  വിനാശിയായ ദേഹത്തെ കാണാതെ ദേഹീ അഭിമാനിയാകുന്നതിന്റെ പരിശ്രമം ചെയ്യണം.  ഓർമ്മയുടെ സത്യം സത്യമായ ചാർട്ട് വെക്കണം.

2) രാത്രിയും, പകലും സേവനത്തിൽ മുഴുകിയിരുന്ന് അളവറ്റ സന്തോഷത്തിൽ കഴിയണം.  3 ലോകങ്ങളുടെയും രഹസ്യത്തെ എല്ലാവർക്കും സന്തോഷത്തോടുകൂടി മനസ്സിലാക്കിക്കൊടുക്കണം.  ശിവബാബ ഏതൊരു ശ്രീമതമാണോ നൽകുന്നത് അതിൽ ഉറച്ച നിശ്ചയം വെച്ച് മുന്നോട്ട് പോകണം, എന്തെങ്കിലും വിഘ്നങ്ങൾ വരുകയാണെങ്കിൽ പരിഭ്രമിക്കരുത്, ഉത്തരവാദിത്വം ശിവബാബക്കാണ്, അതുകൊണ്ട് സംശയം വരരുത്.

### വരദാനം-ശ്രേഷ്ഠമായവേളയുടെ ആധാരത്തിൽ സർവ്വപ്രാപ്തികളുടെയും അധികാരത്തെ അനുഭവം ചെയ്യുന്ന കോടിമടങ്ങ് ഭാഗ്യശാലിയായി ഭവിക്കട്ടെ.

ആരാണോ ശ്രേഷ്ഠമായ മുഹൂർത്തത്തിൽ ജൻമമെടുക്കുന്ന ഭാഗ്യശാലികളായ കുട്ടികൾ, അവർ കൽപം മുൻപ് തങ്ങൾക്കുലഭിച്ച പ്രേരണകളുടെ(ടച്ചിംഗ്) ആധാരത്തിൽ ജൻമം ലഭിക്കുന്ന ഉടൻതന്നെ എല്ലാം തന്റേതാണെന്ന അനുഭവം ചെയ്യുന്നു. അവർ ജന്മമെടുത്ത ഉടൻതന്നെ സമ്പത്തിന്റെ അധികാരികളാകുന്നു.എങ്ങിനെയാണോ വിത്തിൽ മുഴുവൻ വൃക്ഷത്തിന്റെയും സാരം അടങ്ങിയിട്ടുള്ളത് അതുപോലെ ഏറ്റവും ഉയർന്ന(നമ്പർവൺ)മുഹൂർത്തത്തിൽ ജനിക്കുന്ന ആത്മാക്കൾ സർവ്വസ്വരൂപങ്ങളുടെയും പ്രാപ്തികളുടെ ഖജനാവുകളെ ജൻമമെടുക്കുമ്പോൾതന്നെ അനുഭവം ചെയ്യുന്നവരായിമാറുന്നു.അവർ എല്ലാ അനുഭവങ്ങളാലും സമ്പന്നരായിരിക്കും. അവരൊരിക്കലും,സുഖത്തിന്റെ അനുഭവമുണ്ട് എന്നാൽശാന്തിയുടെ അനുഭവമില്ല, ശാന്തിയുടെ അനുഭവമുണ്ട് പക്ഷേ സുഖവും, ശക്തിയും അനുഭവിക്കാനാവുന്നില്ല എന്ന് പറയുകയില്ല.

### സ്ലോഗൻ: തന്റെ പ്രസന്നതയുടെ തണലിലൂടെ ശീതളതയുടെ അനുഭവം ചെയ്യിക്കുന്നതിനായി നിർമ്മലരും,വിനയമുള്ളവരുമായി മാറൂ..

**അവ്യക്തസൂചന-ഏകാന്തപ്രിയരാകൂ,ഏകതയെയും ഏകാഗ്രതയെയും സ്വന്തമാക്കൂ...**

സർവ്വസംബന്ധങ്ങളും,സർവ്വസുഖങ്ങളും ഒരാളിൽനിന്നും എടുക്കുന്നവർക്കുമാത്രമാണ് ഏകാന്തപ്രിയരായി മാറാൻകഴിയുന്നത്.ഒരാളിൽനിന്നും  എല്ലാ സുഖങ്ങളും പ്രാപ്തമാകുമെങ്കിൽ പിന്നെ അനേകം ദിശകളിലേക്ക് പോകേണ്ട ആവശ്യമെന്താണ്.ഒരുവാക്കെങ്കിലും ഓർമ്മവെക്കുകയാണെങ്കിൽ അതിൽത്തന്നെ മുഴുവൻജ്ഞാനവും ഉൾപ്പെടുന്നു,സ്മൃതി വരുന്നു,സംബന്ധങ്ങൾ വരുന്നു,അവസ്ഥയും ഉണ്ടാകുന്നു.മാത്രമല്ല,ഇവക്കൊപ്പമൊപ്പം ഏതെല്ലാം പ്രാപ്തികളാണോ ലഭിക്കുന്നത് അതും ഒറ്റവാക്കിൽത്തന്നെ സ്പഷ്ടമാകുന്നു.ഒരേയൊരാളുടെ ഓർമ്മ,ഏകരസസ്ഥിതി,ജ്ഞാനം എന്നിവ ഒരേയൊരാളുടെ ഓർമ്മയിൽനിന്നുമാത്രം ലഭിക്കുന്നവയാണ്.എന്തുപ്രാപ്തിയാണോ ലഭിക്കുന്നത് അതും ഏകരസമായി നിലനിൽക്കുകയും ചെയ്യുന്നു.